മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: എന്നോടു് അനേഷിക്കുവാൻ വല്ല വിരോധവുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാനല്ല അനേഷിച്ചതു്. എന്തുകൊണ്ടാണു് എം. എൽ. സി. യോടു് ചോദിക്കാതിരുന്നതെന്നു് അനേഷണം നടത്തിയ ആളോടു ചോദിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചില എം. എൽ. സി. മാർ അറിവുകൊടുത്താൽ ചിലർ വരാറുണ്ടു്. ചിലർ വരാറില്ലെന്നു പറഞ്ഞു. അങ്ങിനെ വരാത്തവർ കൂടുമില്ലാത്തതിനെക്കുറിച്ചു് ആക്ഷേപിക്കയുണ്ടായിട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ വരാത്തവരുടേയും മറവും പേരുകളും ദയവായി എന്നെക്കൊണ്ടു് പറയിക്കാതിരിക്കുകയായിരിക്കും നല്ലതു്.

മിസ്റ്റർ പി. നാരായണമേനോൻ: മണലൂർ പുതിയതായി കഴിക്കുവാൻ ആർഡർ കൊടുത്തിട്ടുള്ളതിനു പുറമെ വേറെ വല്ല പൊതുകളങ്ങളുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏതൊ ചിലതുണ്ടു്. പക്ഷെ അവ ഉപയോഗിക്കത്തക്കു നിലയിലുള്ളവയല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഏതായാലും കൊഴിഞ്ഞാമ്പാറയിൽ കുളം ആവശ്യമുണ്ടോ എന്നുള്ളതിനെക്കുറിച്ചു ഒന്നുകൂടി അനേഷിക്കാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അനേഷിക്കാം.

SHED—MAHARAJA'S COLLEGE PLAY GROUND

466. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) യുദ്ധപ്രദർശനാവശ്യത്തിലേക്കായി മഹാരാജാസ് കോളേജ് പ്ലേഗ്രൌണ്ടിൽ കെട്ടിയ കൊട്ടക ആരുടെ ചിലവിന്മേലാണു് കെട്ടിയതു്;

(ബി) ഗവൺമെണ്ടു ചിലവിന്മേലാണെങ്കിൽ ആകെ എന്തു ചിലവായി;

(സി) യുദ്ധപ്രദർശനാനന്തരം ആ കൊട്ടക ലേലംചെയ്തു കൊടുത്തോ;

(ഡി) ലേലം ചെയ്തുവെങ്കിൽ എന്തു തുകക്കു ലേലംചെയ്തു;

(ഇ) ലേലം ചെയ്തില്ലെങ്കിൽ എന്തുകൊണ്ടു്;

(എഫ്) ലേലം ചെയ്തില്ലെങ്കിൽ ഇപ്പോഴും ആ കൊട്ടകയുടെ സ്ഥിതിയെന്തു്;

(ജി) ഈ ഇനത്തിൽ ഗവൺമെണ്ടിനു് എന്തു നഷ്ടമുണ്ടായിട്ടുണ്ടു്;

(എച്ച്) ആരാണു് ആ നഷ്ടത്തിനു് ഉത്തരവാദി?

രാമവർമ്മ തമ്പുരാൻ:

(എ) ഗവൺമെണ്ടു് ചിലവിന്മേൽ.

(ബി) [illegible].

(സി) & (ഡി) ആ കൊട്ടക ലേലംചെയ്തു കൊടുത്തിട്ടില്ല.

(ഇ) മഹാരാജാസ് കോളേജു് കട്ടികൾക്കു് ഉപയോഗിക്കുന്നതിന്നായി കൊട്ടക കോളേജ് പ്രിൻസിപ്പാളിനു് വിട്ടുകൊടുത്തു.

(എഫ്) ആ കൊട്ടക മഹാരാജാസ് കോളേജിലെ തൽക്കാലത്തേക്കുള്ള വ്യായാമശാലയായി ഉപയോഗിച്ചുപോരുന്നു. വരുന്ന വർഷക്കാലംവരെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ആ കൊട്ടകയെ ഉദ്ദേശിച്ചിരിക്കുന്ന കാര്യത്തിനു് സൌകര്യമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതരത്തിലുള്ളതാണു് അതിന്റെ ഇപ്പോഴത്തെ സ്ഥിതി. മേൽക്കൂട നന്നാക്കി വീണ്ടും ഓല മേയുന്നതായാൽ ഒന്നോ രണ്ടോ കൊല്ലത്തേക്കുകൂടി അതിനെ ഉപയോഗിക്കാവുന്നതാണു്.

(ജി) & (എച്ച്) ഉത്തരം ആവശ്യമില്ല.

CONTROLLED ARTICLES—DISPENSARIES AT TRIPPUNITHURA

467. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ (ഏ) ഭാരത ഡിസ്പെൻസറി (ബി) കൃഷ്ണഡിസ്പെൻസറി (സി) കെ. ആർ. മേനോൻ & ബ്രദേഴ്സ് ഡ്രഗിസ്റ്റ്സ് & കെമിസ്റ്റ്സ് എന്നീ സ്ഥാപനങ്ങൾക്കു് എന്തെല്ലാം കൺട്രോൾഡ് പദാർത്ഥങ്ങൾ വില്ക്കുന്നതിനാണു് ലൈസൻസ്സ് കൊടുത്തിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദാർത്ഥങ്ങൾ വില്ക്കുന്നതിനുള്ള വ്യവസ്ഥകൾ എല്ലെന്തൊം?

രാമവമ്മ തമ്പുരാൻ:

(എ) (ഏ) ഭാരത ഡിസ്പെൻസറിക്കു് ഒരു പർച്ചേസേഴ്സ് ലൈസൻസ്സു് മാത്രമേ കൊടുത്തിട്ടുള്ളു. അവക്കു് അവർ ചികിത്സിക്കുന്ന രോഗികൾക്കു മരുന്നു കൊടുക്കുന്നതല്ലാതെ (dispensing) വില്ക്കുവാൻ പാടില്ല.

(ഐ) കുണ്ണ ഡിസ്പെൻസറിക്കു ഒരു റിട്ടെയിലേഴ്സ് ലൈസൻസ്സും ഒരു പർച്ചേസേഴ്സ് ലൈസൻസ്സും കൊടുത്തിട്ടുണ്ടു്. അവക്കു് ഡ്രഗ്സ് കൺട്രോൾ ഓർഡർ എ. പട്ടികയിൽ പറയുന്ന എല്ലാ സാധനങ്ങളും വില്ക്കാം.

(ന) കെ. ആർ. മേനോൻ & ബ്രദേഴ്സ് എന്നവക്കു് യാതൊരു ഡ്രഗ്സ് കൺട്രോൾ ലൈസൻസ്സും കൊടുത്തിട്ടില്ല. അവക്കു് ഡ്രഗ്സ് കൺട്രോൾ ഓർഡറിൽപെട്ട യാതൊരു സാധനവും വില്ക്കുവാൻ പാടില്ല.

(ബി) (ഏ) ലൈസൻസ്സില്ലാതെ യാതൊരു ഡ്രഗ്സ്സും വില്ക്കുവാൻ പാടില്ല.

(ഐ) ഡ്രഗ്സ് കൺട്രോൾ ഓർഡർ എ. പട്ടികയിൽ പറയുന്ന വിലയിൽ കൂടുതൽ വിലക്കു യാതൊരു ഡ്രഗ്സ്സും വില്ക്കുവാൻ പാടില്ല.

(ന) തക്കതായ കാരണം കൂടാതെ യാതൊരു ഡ്രഗ്സ്സും കൈവശം ഉള്ളപ്പോൾ വില്ക്കാതിരിപ്പാൻ പാടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അതിൽ എക്സൈസ് ഇൻസ്പെക്ടരുടെ ചിറ്റ് ഉണ്ടെങ്കിൽ മാത്രം വാങ്ങിക്കുവാൻ സാധിക്കുന്ന വല്ല drugs-ും ഉണ്ടോ?

രാമവമ്മതമ്പുരാൻ: അങ്ങിനെയൊന്നുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ ചിറ്റ കൊടുത്തിട്ടുണ്ടെങ്കിൽ അതു് നിയമ വിരോധമാണോ?

രാമവമ്മതമ്പുരാൻ: അതു് നിയമവിരോധമാണു്. സാധനം കൈവശം ഉണ്ടെങ്കിൽ വില്ക്കാതിരിക്കുന്നതു് നിയമവിരോധമാണു്.

മിസ്റ്റർ പി. നാരായണമേനോൻ: ചിറ്റ് വേണമെന്നു പറഞ്ഞിട്ടു് Excise ഇൻസ്പെക്ടർ ചിറ്റു് കൊടുത്തു; അതനുസരിച്ചു് കച്ചവടം ചെയ്തു എങ്കിൽ അതു് നിയമവിരോധമല്ലെ?

രാമവമ്മതമ്പുരാൻ: അതു് ഹൈപ്പോത്തെറിക്കൽ question ആണു്. അങ്ങിനെയാണെങ്കിൽ, ഇങ്ങിനെയാണെങ്കിൽ എന്നൊക്കെ പറഞ്ഞാൽ വിഷമമാണു്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ ചെയ്തിട്ടുണ്ടു്. അതാണു് പറയുന്നതു് അവരെക്കുറിച്ചു് എന്തു് action ആണു് ഗവമ്മെണ്ടു് എടുക്കാൻപോകുന്നതു്.

മിസ്റ്റർ പി. മാണി: ചില സ്ഥലങ്ങളിൽ എക്സൈസ് ഇൻസ്പെക്ടരുടെ ചിറ്റൊട്ടുകടിമാത്രം ഇപ്പോൾ കച്ചവടംചെയ്യുവരുന്നുണ്ടു്. അതു് നിയമവിരുദ്ധമാണൊ അല്ലയൊ?

രാമവമ്മതമ്പുരാൻ: എക്സൈസ് ഇൻസ്പെക്ടരുടെ ചിറ്റു് ആവശ്യമില്ല.

Mr. President: Is the Hon'ble Member putting a question or asking for legal information?

Mr. P. Narayana Menon *(Trippunittura)*: It is not a hypothetical question.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എക്സൈസ് ആഫീസർമാർ വല്ല Silp-ും issue ചെയ്യാറുണ്ടോ?

രാമവമ്മതമ്പുരാൻ: ചെയ്യാറുണ്ടൊ എന്നു് നിശ്ചയമില്ല. അതാവശ്യമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ചില സാധനങ്ങൾ ഇപ്പോൾ എക്സൈസ് ഇൻസ്പെക്ടരുടെ ചിറ്റൊട്ടുകൂടിമാത്രം കച്ചവടംചെയ്യുവരുന്നുണ്ടു്. അതു നിയമവിരോധം ആണൊ അല്ലയൊ?

രാമവമ്മതമ്പുരാൻ: മരുന്നുവില്ക്കുവാൻ ചിറ്റാവശ്യമില്ല.

Mr. President: Order, order. The Hon'ble Member is not entitled to ask the Government for a legal opinion.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മഹമ്മദ് അഷ്റഫ്: വേറെ ആരുടെ എങ്കിലും ചിറ്റാവശ്യമുണ്ടോ?

രാമവമ്മതമ്പുരാൻ: ആവശ്യമില്ല.

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: എക്സൈസ് ഇൻസ്പെക്ടർ ചിറ്റ് ഇഷ്യൂചെയ്യാറുണ്ടോ?

രാമവമ്മതമ്പുരാൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഉത്തരം എ. ഉപവകുപ്പ് നം-ൽ "അവക്ക് ഡ്രഗ്സ് കൺട്രോളിൽപെട്ട യാതൊരു സാധനങ്ങളും വില്പാൻ പാടില്ല" എന്നു പറയുന്നുണ്ട്. സംഗതിവശാൽ ചിലസാധനങ്ങൾ ഈ ഓർഡർ ഉണ്ടാകുന്നതിനുമുമ്പ് അവരുടെ കൈവശമുണ്ടെന്നു വിചാരിക്കുക. ഉത്തരം ബി. നം-ാം ഉപവകുപ്പിൽ "തക്കതായ കാരണംകൂടാതെ യാതൊരു ഡ്രഗ്സും കൈവശമുള്ളപ്പോൾ വില്ക്കാതെയിരിക്കുവാൻ പാടില്ല" എന്നു പറയുന്നുണ്ട്. സാധനം കൈവശമുണ്ട്. ആവശ്യക്കാരൻ ചോദിച്ചു, അപ്പോൾ എന്തു ചെയ്യും.

രാമവമ്മതമ്പുരാൻ: ഇതു ഒരു ലീഗൽപോയിൻറാണ്. ഇതിനെക്കുറിച്ചാലോചിക്കണം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കെ. ആർ. മേനോൻ ബ്രദേഴ്സ് ഡ്രഗിസ്റ്റ്സ് & കെമിസ്റ്റ്സ് ആണൊ?

രാമവമ്മതമ്പുരാൻ: ആയിരിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ സാധനങ്ങൾ വില്ക്കാമൊ?

രാമവമ്മതമ്പുരാൻ: സാധനങ്ങൾ വില്ക്കാൻ പാടില്ല.

BRANCH ANCHAL OFFICE—THOPPUMPADY

468. Mr. P. T. Jacob *(Latin-Christians Mattancheri):* Will Government be pleased to state.—

(*a*) whether there was a Branch Anchal Office at Thoppumpady, why it was discontinued;

(*b*) whether any representation has been received from the public of Thoppumpady to re-open it?

Mr. B. V. K. Menon *(Secretary to Government):*

(*a*) Yes. The Kychitdar and the house-owner of the then Anchal Office building wanted the building to be vacated urgently aud there was no one else forthcoming to execute the necessary kychit and to provide a building and furniture free of rent to hold the Anchal Office during the experimental period.

(*b*) Yes. I may also say that subsequent to the preparation of this answer to the question some Kychitdars came forward to execute the necessary Kychit and the Branch Anchal Office will be opened.

LOSS OF MONEY—REGISTRY OFFICE—TRIPPUNITTURA

469. Mr. P. Mani *(Kanayannur):* Will Government be pleased to state.—

(*a*) is it a fact that some amount was lost when taken from the Trippunittura Registry Office for remittance in the Treasury during 1120 or 1121;

(*b*) if so what is the amount lost;

(*c*) has the Government traced out how the amount was lost;

(*d*) who is responsible for the loss?

Mr. B. V. K. Menon *(Secretary to Government):*

(*a*) Yes. In 1120.

(*b*) Rs. 8,200.

(*c*) Not yet.

(*d*) The matter is still under Police enquiry.

TOWN COUNCILS ACT

470. Mr. K. Balakrishna Menon *(Cheruthuruthi):* Will Government be pleased to state.—

(*a*) if they have any idea to bring into force the suspended Town Councils Act;

(*b*) if so when?

LIBRARY ARCHIVES Kerala Legislative Assembly